# അക്കാദമിക് മാസ്റ്റർ പ്ലാൻ




## ജി. എം. വി. എച്ച്. എസ്. എസ്. വേങ്ങര ടൗൺ

**ആമുഖം**

വേങ്ങര പഞ്ചായത്തിലെ ഏക ഗവ. ഹയർ സെക്കൻറി സ്കൂളായ ജി.എം. വി. എച്ച് എസ് വേങ്ങര ടൗൺ വേങ്ങരയുടെ ഹൃദയഭാഗത്തായി സ്ഥിതി ചെയ്യുന്നു.
ഈ വിദ്യാലയത്തിൽ നിന്ന് ഹരിശ്രീ കുറിച്ച ധാരാളം പേർ നാടിന്റെ വിദ്യാഭ്യാസ സാമൂഹിക സാംസ്കാരിക സാമ്പത്തിക മേഖലകളിൽ പ്രശസ്തരാണ്. മുൻ കേരള വിദ്യാഭ്യാസ മന്ത്രി ശ്രീ. ചാക്കീരി അഹമ്മദ് കുട്ടി , ശ്രീ. പി കെ കുഞ്ഞാലിക്കുട്ടി MLA എന്നിവർ ഈ വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളാണ്.

1917-ൽ ഒരു ഓത്തുപള്ളിയിൽ പ്രാഥമിക വിദ്യാലയമായാണ ആരംഭം . പിന്നീട് 1937 ൽ ബി എം എച്ച് ഇ എസ് എന്ന പേരിൽ ഒരു എലിമൻററി സ്കൂളായി.
1965 -67-ൽ ജി.എൽ പി. എസ് വേങ്ങര എന്ന പേരിലായി.
1977 -78 ൽ അപ്പർ പ്രൈമറി വിദ്യാലയമായി ഉയർത്തിയപ്പോൾ 45 അധ്യാപകരും ആയിരത്തിൽ പരം കുട്ടികളും ഈ പാഠശാലയുടെ സ്വത്തായിരുന്നു. പഠന നിലവാരത്തിലും കലാകായിക ശാസ്ത്രമേളകളിലും കുതിച്ചുയരുന്ന ഒരു കാലഘട്ടമായിരുന്നു കുറച്ചു കാലത്തേക്ക് . വേങ്ങര സബ് ജില്ലയിലെ മികച്ച യു പി സ്കൂളായി ഈ വിദ്യാലയം തിരഞ്ഞെടുക്കപ്പെട്ട ആ സുവർണ്ണ കാലഘട്ടത്തിൽ ഹെഡ്മാസ്റ്റർ പദവിയിൽ ശ്രീ. മുഹമ്മദലി മാസ്റ്റർ ആയിരുന്നു.

വേങ്ങരയിലെ പെൺകുട്ടികൾക്ക് പഠന സൗകര്യം ഒരുക്കുന്നതിനായി അന്നത്തെ ഹെഡ്മാസ്റ്റർ ശ്രീ ജേക്കബ് മാഷ്, പി ടി എ പ്രസിഡന്റ് പി.എ. സെയ്തു, അബു ഹാജി തുടങ്ങിയവരുടെ നേതൃത്വത്തിൽ ഉണർന്ന് പ്രവർത്തിക്കുകയും ഫലം കാണുകയും ചെയ്തു . 1984 ആഗസ്റ്റ് 11 ന് അന്നത്തെ വിദ്യാഭ്യാസ മന്ത്രിയായിരുന്ന ശ്രീ ടി.എം. ജേക്കബ് ഈ വിദ്യാലയം ഒരു ഹൈസ്കൂളാക്കി ഉദ്ഘാടനം ചെയ്തു. ജി ജി വി എച്ച് എസ് വേങ്ങര എന്ന പേരിലായി. ഈ വിദ്യാലയത്തിലെ ആദ്യ SSLC ബാച്ച് 1986-87 -ൽ പരീക്ഷ എഴുതി.

ഊരകം, ചേറ്റിപ്പുറമാട് , വലിയോറ , പറപ്പൂർ, കണ്ണമംഗലം ഭാഗത്തുനിന്നും ഇവിടെക്ക് കുട്ടികൾ വന്നുചേർന്നുകൊണ്ടിരുന്നു. 2500 ഓളം കുട്ടികൾ പഠിച്ചു കൊണ്ടിരുന്ന ഈ വിദ്യാലയം സ്ഥല പരിമിതിമൂലം കഷ്ടപ്പെടുകയായിരുന്നു. 1990-ൽ വി.എച്ച്. എസ്. ഇ ബാച്ചും തുടങ്ങിയതോടെ ജി വി എച്ച് എസ് വേങ്ങര യായി. സ്ഥല പരിമിതിമൂലം ഷിഫ്റ്റ് സമ്പ്രദായത്തിലാണ് ക്ലാസ് നടത്തിയിരുന്നത്.

2004-2005 ൽ ഹയർ സെക്കൻററി വിഭാഗവും നിലവിൽ വന്നതോടെ സ്കൂളിന്റെ പേര് ജി ജി. വി. എച്ച്. എസ് എസ് വേങ്ങര എന്നായി.

2014-15 വർഷത്തിൽ എട്ടാം ക്ലാസിൽ ആൺകുട്ടികൾക്കും പ്രവേശനം അനുവദിച്ചു. 2016-17 ൽ ആൺകുട്ടികൾ ഉൾപ്പെടുന്ന ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി. 2017-18 ൽ ഹയർസെക്കന്ററി, വി എച്ച് എസ് സി വിഭാഗങ്ങളിലും ആൺകുട്ടികൾക്ക് പ്രവേശനം അനുവദിച്ചു .

അതാടെ സ്കൂളിന്റെ പേര് ജി എം വി എച്ച് എസ് എസ് വേങ്ങര ടൗൺ എന്നായി മാറി.

2015-16 ൽ ഒന്നാം ക്ലാസിൽ ആദ്യ ഇംഗ്ലീഷ് മീഡിയം ബാച്ച് ആരംഭിച്ചു. 2024-25 വർഷം ഇംഗ്ലീഷ് മീഡിയം ആദ്യ എസ് എസ് എൽ സി ബാച്ച് പുറത്തിറങ്ങി.

2018 VHSC യും HSS ഉം ചാത്തംകുളത്തു നിർമ്മിച്ച കെട്ടിടത്തിലേക്ക് മാറ്റിയതോടെ സ്ഥലപരിമിതിക്ക് ആശ്വാസമായി. എങ്കിലും അവിടെ ലാബ് പ്രവർത്തിക്കാനുള്ള കെട്ടിട സൗകര്യം ഇല്ലാത്തതിനാൽ ഇപ്പോഴും ഹയർസെക്കന്ററിയുടെ സയൻസ്, ഐ ടി ലാബുകൾ സ്കൂൾ സമുച്ചയത്തിൽ തന്നെയാണ് പ്രവർത്തിക്കുന്നത്.

**പാഠ്യ പാഠ്യേതര നേട്ടങ്ങൾ**

വേങ്ങര, ഊരകം, കണ്ണമംഗലം, പറപ്പൂർ നിവാസികൾക്ക് ഒരു നൂറ്റാണ്ടിലേറെയായി വിജ്ഞാനം പകർന്നുകൊണ്ടിരിക്കുന്ന ജി എം വി എച്ച് എസ് എസ് വേങ്ങര ടൗൺ എസ്. എസ്.എൽ.സി പരീക്ഷയിൽ തുടർച്ചയായി 100% വിജയം നേടിക്കൊണ്ട് പഠനനിലവാരത്തിൽ മികവ് തെളിയിച്ചുകൊണ്ടിരിക്കുകയാണ്. കല, കായിക ,ശാസ്ത്ര ഗണിത സാമൂഹ്യ ശാസ്ത്ര പ്രവർത്തി പരിചയ മേളകളിൽ ജില്ലാതലം വരെ വിദ്യാർതഥികൾ മത്സരിക്കാറുണ്ട്. 2018-19 അധ്യയന വർഷത്തിൽ പ്രവർത്തി പരിചയ മേളയിൽ സംസ്ഥാനതലത്തിൽ മത്സരിച്ച് റിഷാന മുഹമ്മദലി A Grade വാങ്ങിയിട്ടുണ്ട്. സംസ്ഥാന കലോത്സവത്തിൽ ഉറുദു കവിത രചനയിൽ 2023- 24 അധ്യയന വർഷം ഫർഹീൻ ഖാനം മത്സരിച്ച് A Grade കരസ്ഥമാക്കി. 2024-25 അധ്യയനവർഷം സ്കൂളിന്റെ ചരിത്രം മാറ്റിക്കുറിച്ച് SSLC യ്ക്ക് 21 Full A+ ഉം 15 USS ഉം 5 LSS ഉം ലഭിച്ചു.

ലിറ്റിൽ കൈറ്റ്സ്, ജെ ആർ സി, എസ് പി സി യൂനിറ്റുകളും ഭംഗിയായി പ്രവർത്തിച്ചു വരുന്നു. സൗകര്യപ്രദമായ കളിസ്ഥലം ലഭിക്കുന്നതോടെ കായിക രംഗത്ത്കൂടുതൽ ശോഭിക്കാൻ കഴിയും. വിദഗ്ധ പരിശീലനം കൊടുക്കുന്നതിനുള്ള സ്ഥലമില്ലാത്തത് കുട്ടികളുടെ കായികാഭ്യാസത്തിന് പ്രശ്നമായി നിൽക്കുന്നു.

ഹൈസ്കൂൾ വിഭാഗം പ്രധാനധ്യാപിക ശ്രീമതി. ഗീത പി സി, HSS Principal ശ്രീ. ഷംസുദ്ദീൻ, VHSC Principal ശ്രീമതി. ശ്രീജ എ കെ, PTA പ്രസിഡന്റ് ശ്രീ. ഫൈസൽ എന്നിവരാണ് സ്കൂളിന്റെ ഇപ്പോഴത്തെ സാരഥികൾ.

**പരിമിതികൾ**

സ്ഥല പരിമിതിയാണ് സ്ക്കൂൾ നേരിടുന്ന പ്രധാന വെല്ലുവിളി. കുട്ടികളുടെ കായികക്ഷമതയെയാണ് ഇത്കൂടുതലായി ബാധിക്കുന്നത്. ഭക്ഷണ ഹാൾ, ആധുനിക സൗകര്യങ്ങളോടുകൂടിയ ഐ ടി ലാബ്, ഭിന്നശേഷി സൗഹൃദ ക്ലാസ്, മൂത്രപ്പുര എന്നിവയുടെ കുറവും പരിഹരിക്കേണ്ടതാണ്. പരിമിതമായ സൗകര്യങ്ങളിൽപോലും മികച്ച വിജയം കൈവരിക്കാൻ ഈ വിദ്യാലയത്തിന് സാധിച്ചിട്ടുണ്ട്.

**സ്ഥിതി വിവര കണക്ക്**

ജി.എം.വി.എച്ച്. എസ്. സ്ക്കൂൾ വേങ്ങര ടൺ

| | | | |
|---|---|---|---|
| വിദ്യാഭ്യാസ ജില്ല | തിരൂരങ്ങാടി | | |
| റവന്യൂ ജില്ല | മലപ്പുറം | | |
| വിലാസം | ജി.എം.വി.എച്ച്. എസ്. സ്ക്കൂൾ വേങ്ങര ടൺ, വേങ്ങര പി ഒ. , മലപ്പുറം ജില്ല. | | |
| ഫോൺ നമ്പർ | 04942-45221677 | | |
| ഇ മെയിൽ | www.ggvhssvengara@gmail.com | | |
| ഉപജില്ല | വേങ്ങര | | |
| ഭരണവിഭാഗം | ഗവൺമെന്റ് | | |
| സ്കൂൾ വിഭാഗം | പൊതു വിദ്യാലയം | | |
| പഠന മാധ്യമം | മലയാളം, English | | |
| | എൽ പി | യു പി | എച്ച് എസ് |
| ആകെ കുട്ടികൾ | 177 | 423 | 475 |
| ആകെ അധ്യാപകർ | നിലവിലുള്ള അധ്യാപകർ-12 | നിലവിലുള്ള അധ്യാപകർ-14 | നിലവിലുള്ള അധ്യാപകർ-22 |
| നോൺ ടീച്ചിംഗ് സ്റ്റാഫ് | Clerk 1<br>OA 2<br>FTM 2<br>PTCM 1 | | |
| കൗൺസിലർ | 1 സ്പെഷൽ എജ്യുകേറ്റർ 1 | | |
| നഴ്സ് | | | |
| സ്ഥലം | 1 ഏക്കർ 6 സെന്റ് (സ്കൂൾ) | 1 ഏക്കർ 7 സെന്റ് (hss +vhsc) | |
| കെട്ടിടങ്ങൾ | 6 | | |
| ക്ലാസ് മുറികൾ | 8 (LP) | 14 (UP) | 13 (HS) |
| ഐ ടി ലാബ് | 1 (LP+UP) | | 1 (HS) |
| സയൻസ് ലാബ് | 1 | | |
| ശുചി മുറികൾ | 15 | | |
| ജല സ്രോതസ്സ് | കിണർ 1 , കുഴൽ കിണർ -1 | | |

# മലയാളം

**ഭാഷാ പഠനം**

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | കുട്ടികളിൽ വായനാഭിരുചി വളർത്തുന്നു | വായനാഭിരുചിയ്ക്കനുസരിച്ചും വിവരശേഖര ണാർത്ഥവും ലൈബ്രറി പുസ്തകങ്ങൾ സ്വതന്ത്രമായി തെരെഞ്ഞെടുക്കാനും ഉപയോഗിക്കാനുമുള്ള സൗകര്യം ലഭ്യമാക്കൽ<br>**പതിപ്പ്**<br>കുട്ടികൾ വായിച്ച പുസ്തകങ്ങളുടെ വായനാക്കുറപ്പുകൾ എഴുതിത്തയ്യാറാക്കുന്നു. മികച്ചവ ഉൾപ്പെടുത്തി പതിപ്പ് നിർമ്മിക്കുന്നു.<br>**അമ്മ വായന**<br>രക്ഷിതാക്കൾക്ക് ലൈബ്രറി ഉപയോഗപ്പെടുത്താൻസൗകര്യം നൽകുന്നു. | അധ്യയന വർഷം ആദ്യ വസാനം വരെ | അധ്യാപകർ,<br>വിദ്യാർത്ഥികൾ,<br>രക്ഷിതാക്കൾ |
| 2 | പരിഹാര ബോധനം | പഠന പിന്നാക്കാവസ്ഥ നേരിടുന്ന കിട്ടികൾക്ക് വ്യക്തിഗത ശ്രദ്ധ കൊടുത്തുകൊണ്ട് മലയാളത്തിളക്കം പോലെയുള്ള പ്രവർത്തനങ്ങളിലൂടെ മുൻ നിരയിലേക്കെത്തിക്കുന്നു | | അധ്യാപകർ,<br>വിദ്യാർത്ഥികൾ,<br>രക്ഷിതാക്കൾ |
| 3 | വൈജ്ഞ്ഞാ നിക നിലവാരം ഉയർ ത്തുന്നതിന്ന്. | **ഡിസ്പ്ലെ ബോർഡ്**<br>ആഴ്ചയിലൊരിക്കൽ മാറ്റുന്ന രീതിയിൽ സാഹിത്യകാരന്മാരുടെ ചിത്രം, ചരിത്രം, സംഭാവനകൾ എന്നിവ പ്രദർശിപ്പിക്കുന്നു.<br>**സാഹിത്യക്വിസ്**<br>മാസത്തിലൊരിക്കൽ എൽപി, യുപി, എച്ച് എസ് വിഭാഗങ്ങൾക്കായി പ്രത്യേകം സാഹിത്യ ക്വിസ് സംഘടിപ്പിക്കുന്നു.<br>**ഫീൽഡ്ടിപ്പ്.**<br>തുഞ്ചൻപറമ്പ്, ചെറുതുരുത്തി തുടങ്ങിയ സാംസ്കാരിക കേന്ദ്രങ്ങളിലേക്ക് , ഭാഷാ പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് ഫീൽഡ് ടിപ്പ് സംഘടിപ്പിക്കുന്നു.<br>ഡോക്യുമെന്റേഷൻ തയ്യാറാക്കുന്നു. | | അധ്യാപകർ,<br>വിദ്യാർത്ഥികൾ, |

| | | | | |
|---|---|---|---|---|
| 4. | കുട്ടികളിലെ സർഗാത്മകശേഷി വളർത്തുന്നതിന്. | **ശില്പശാല.**<br>ചിത്രരചന, കഥാരചന, കവിതാരചന, കാവ്യാലാപനം, നാടകം എന്നീ മേഖലകളിൽ പ്രഗത്ഭരെ പങ്കെടുപ്പിച്ചുകൊണ്ടുള്ള ശില്പശാലകൾ മാസത്തിൽ ഒന്ന് എന്ന രീതിയിൽ സംഘടിപ്പിക്കുന്നു.<br>**കയ്യെഴുത്തു മാസിക.**<br>എല്ലാ ക്ലാസുകളിൽ നിന്നും രചനകൾ സ്വീകരിച്ച് മികച്ചവ ഉൾപ്പെടുത്തി കയ്യെഴുത്തു മാസിക തയ്യാറാക്കുന്നു.<br>**സാഹിത്യസമാജം**<br>മാസത്തിലൊരിക്കൽ ഓരോ ക്ലാസിന്റെയും നേതൃത്വത്തിൽ കുട്ടികളുടെ കലാപ്രകടനങ്ങൾക്ക് വേദി ഒരുക്കുന്നു. മികച്ച പ്രകടനം നടത്തുന്നവർക്ക് പ്രോത്സാഹനവും പരിശീലനവും നൽകുന്നു. | | അധ്യാപകർ, തദ്ദേശീയ പ്രതിഭകൾ |
| 5 | സമൂഹത്തെ വിദ്യാലയവുമായി കൂടുതൽ അടുപ്പിക്കുക | **അമ്മ വായന**<br>ലൈബ്രറിയിൽ നിന്നും അമ്മമാർക്ക് പുസ്തകം നൽകുന്നു. മീറ്റിംഗിൽ വായിച്ച പുസ്തകത്തെകുറിച്ച് സംസാരിക്കാൻ അവസരം നൽകുന്നു<br>**ക്ലാസ് ശാക്തീകരണം.**<br>അദ്ധ്യാപകർ അവധിയിലാവുന്ന സന്ദർഭങ്ങളിൽ എസ്.എസ്.ജി അംഗങ്ങളുടെ സേവനം എൽ.പി വിഭാഗത്തിൽ പ്രയോജനപ്പെടുത്തുന്നു. | | |

# ENGLISH

| SL NO | OJBJECTIVES | ACTIVITIES | DURATION | SUPPORT |
|---|---|---|---|---|
| 1 | To equip the children with the basic abilities of reading and writing | (1)pre -test<br>(2)remedial teachinag<br>(a) peer teaching.<br><br>(3)word —card<br>(4)formation of words<br>(5)formation of sentences<br>(6)strong developing<br>(7) story Maligned can a given picture.<br>(8) language lab.<br><br>(a)video library<br><br>(b)audio classes<br><br>(c) phonetic lessons<br>(9) calligraphy. | First 3 months of the Academic Year<br><br><br>The whole academic year | Parents<br><br>Teachers |
| 2 | To make the children Excellent readers. | (1)language lab<br><br>(2)club activities<br><br>(3)school library<br><br>(4)Class library<br>(5)Expert classes<br>(6)school radio<br>(a)News reading<br>(b)Observing important days (speech, skit etc)<br>(c) Interviews with eminent personalities<br>(7)English manuscripts, magazines<br>(8)English corner<br>(9)English day<br>(10)English fest<br>(a)English Literary quiz<br>(b)Skit | Uring the second term of the academic year | Teachers,<br><br>Parents |
| 3 | To enable the children to speak English fluently | (1) film club<br>(2)language lab<br>(3)debates ,seminars<br>(4)English assembly ,<br>(a)thought for the day<br>(b)speech<br>(c)news reading | Once in weeks | Teachers,<br><br>Parents |

# അറബി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | തെറ്റില്ലാതെ അനായാസം ഭാഷ കൈകാര്യം ചെയ്യാനുള്ള കഴിവ് നേടൽ | ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന പ്രവർത്തനങ്ങൾ ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിവസം | |
| 2 | സർഗാത്മക രചന കൈവരിക്കുന്നതിനുള്ള ശേഷി കൈവരിക്കാൻ | മാസംതോറും ഏതെങ്കിലും ഒരു വിഷയത്തിൽ ഭാഷ ബുള്ളറ്റിൽ തയ്യാറാക്കുക | പ്രതി മാസം | |
| 3 | വ്യാകരണത്തിലും സാഹിത്യത്തിലും നൈപുണ്യ നേടൽ | ലളിതമായ മറ്റു ഭാഷാ സാഹിത്യകൃതികൾ ആശയം ചോർന്നു പോകാതെ വിവർത്തനം ചെയ്യുക | വർഷത്തിൽ മൂന്ന് കൃതികൾ | |
| 4 | വ്യാകരണ ശുദ്ധിയോടെ ഭാഷ ഉപയോഗിക്കാനുള്ള കഴിവ് നേടൽ | വ്യാകരണത്തിന് പ്രാധാന്യം നൽകി കൊണ്ടുള്ള ഭാഷാ പഠനം | വർഷം മുഴുവൻ | |
| 5 | ഭാഷാ പ്രയോഗം അറിയുന്നതിന് | അറബിക അസംബ്ലി, ദിനാചരണങ്ങൾ എന്നിവ സംഘടിപ്പിക്കൽ. അറബിക് കയ്യെഴുത്ത മാസിക പ്രസിദ്ധീകരിക്കുക, വിദഗ്ധരെ കൊണ്ട് വർഷത്തിലൊരിക്കലെങ്കിലും ക്ലാസ് എടുപ്പിക്കുക, സംവാദം സംഘടിപ്പിക്കുക, ചുമർ പത്രം തയ്യാറാക്കുക.<br>വർഷാവസാനം ഉത്പന്നങ്ങളുടെ പ്രദർശനം സംഘടിപ്പിക്കുക. | | |

# ഹിന്ദി

| ക്രമ നമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1) അക്ഷരമുറപ്പിക്കൽ<br>2) ചിഹ്നമുറപ്പിക്കൽ<br>3) അക്ഷരക്കാർഡ് നൽകൽ<br>4)വാക്കുകൾ നിർമ്മിക്കൽ<br>5)വാക്യങ്ങൾ നിർമ്മിക്കൽ<br>6)ചിത്രത്തിന് അടിക്കുറിപ്പ്, കഥപറയൽ, കഥഎഴുത്ത് കഥാപുസ്തകം നൽകൽ , ചിത്രം നോക്കി വാക്യമെഴുതൽ | ജൂൺ, ജൂലായ്, ആഗസ്റ്റ് | |
| 2 | മികച്ച വായന ക്കാരനാക്കാൻ | വായനാമൂല, ക്ലാസ് ലൈബ്രറി, വായനോൽസവം സംഘടിപ്പിക്കൽ, വായനാക്കുറിപ്പ്, പതിപ്പ് ,ഹിന്ദി സാഹിത്യവേദി,ദിനാചരണങ്ങൾ | സപ്തംബർ, ഒക്ടോബർ, നവംബർ | |
| 3 | എഴുത്തിൽ പ്രാവീണ്യം നേടാൻ | വായനാക്കുറിപ്പ തയ്യാറാക്കൽ, ആസ്വാദനക്കുറിപ്പ് തയ്യാറാക്കൽ, പതിപ്പ് തയ്യാറാക്കൽ<br>(ക്ലാസ് ലൈബ്രറി, സ്കൂൾ ലൈബ്രറി, ഹിന്ദി വായനാമൂല, ഐ,ടി ലാബ്(ഹിന്ദി ടൈപ്പിംഗ്) | നവംബർ ഡിസംബർ ജനവരി | |

# സാമൂഹ്യശാസ്ത്രം

| ക്രമ ന | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല |
|---|---|---|---|---|
| 1 | സാമൂഹ്യശാസ്ത്രത്തിൽ പരീക്ഷണ നിരീക്ഷണം വളർത്തുക | സാമൂഹ്യശാസ്ത്ര ലാബുകൾ ക്രമീകരിക്കുന്ന ആകാശക്കാഴ്ചകൾ കൗതുകം എന്നിവ ഉണർത്തുന്ന പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു. | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 2 | മതേതരത്വം സഹിഷ്ണത എന്നിവ വളർത്തി ക്രിയാത്മക പ്രവർത്തനത്തിലൂടെ വളരുക.സാമൂഹ്യപരിഷ്കർത്താക്കളെ പരിചയപ്പെടുക. | സർവ്വേ പ്രോജക്ട് ചർച്ചകൾ സംവാദം ക്ലാസുകൾ അഭിമുഖങ്ങൾ എന്നിവ എന്നിവയിലൂടെ കുട്ടികളെ വളർത്തുന്ന പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 3 | ഭൂപടവായന കുട്ടികളിൽ വളർത്തുക സ്ഥലം നിർണയം നടത്തുവാൻ പഠിക്കുക എന്ന ലക്ഷ്യം കൈവരിക്കുക | ഭൂമിശാസ്ത്രപരമായ കാര്യങ്ങൾ കുട്ടികളെ പഠിക്കാൻ സഹായിക്കുന്നു. ഭൂപട വായന പ്രോത്സാഹിപ്പിക്കുന്ന കൂടുതൽ പ്രവർത്തനങ്ങൾ കാഴ്ചവയ്ക്കുന്നു അറ്റ്ലസ് മാപ്പ് ഗ്ലോബ് എന്നിവ പരിചിതമാക്കുന്നു | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 4 | ജനാധിപത്യം ഒരു ജീവിതശൈലിയാക്കി മാറ്റിയെടുക്കുക പൗരബോധം മൂല്യബോധം ഇവ വളർത്തുക | ഒന്നായി നമ്മൾ സ്കൂൾ പാർലമെൻറ് മോക്ക് പാർലമെൻറ് പൗരബോധം സാമൂഹ്യ സേവനം ഇവയ്ക്കായുള്ള പ്രവർത്തനങ്ങൾ നടത്തുന്നു | അക്കാദമിക വർഷത്തിലെ പ്രത്യേകദിനങ്ങളിൽ | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |
| 5 | കുട്ടികളിൽ ഉന്നത നിലവാരംകൈവരിക്കാൻ ഉതകുന്ന പൊതുവിജ്ഞാനം വളർത്തുക | സാമൂഹ്യശാസ്ത്രവുമായി ബന്ധപ്പെട്ട പൊതുവിജ്ഞാന മേഖല പരിപോഷിപ്പിക്കുന്ന ക്വിസ്സുകൾ ദിനാചരണങ്ങൾ സംവാദം എന്നിവയെ കുറിച്ച് കൂടുതൽ വ്യക്തമായ ധാരണ നൽകുക വീഡിയോ പ്രദർശനം ചരിത്ര സിനിമ പ്രദർശനം | അക്കാദമിക വർഷം മുഴുവനും | സാമൂഹ്യശാസ്ത്ര ക്ലബ്ബ് സാമൂഹ്യ ശാസ്ത്ര അധ്യാപകർ |

# ഗണിതപഠനം

## ഗണിതപഠനം നിരീക്ഷണങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ഗണിത മാതൃകകൾ നിർമ്മാണം വർക്ക് ഷോപ്പ് | ശനിയാഴ്ചകളിൽ പഠനപ്രവർത്തനങ്ങൾക്ക് ആവശ്യമായ മോഡൽ നിർമ്മാണം, ഗണിതമേളയ്ക്ക് വേണ്ടി വിദഗ്ധരുടെ പരിശീലനം എന്നിവ നടത്തുന്നു | | |
| 2 | ഗണിത പ്രതിഭകളെ കണ്ടെത്തി പരിശീലനം | ഗണിത ക്വിസ്, വിവിധ സ്കോളർഷിപ്പ് പരീക്ഷകൾ എന്നിവയ്ക്ക് പരിശീലനം നൽകുന്നു. | | |
| 3 | പിന്നോക്കകാർക്ക് പ്രത്യേക പരിശീലനം നൽകുന്നു | വർക്ക് ബുക്ക് വിതരണം , അധിക പീരിയഡ് ക്ലാസ്, രക്ഷിതാക്കൾക്ക് ബോധവൽക്കരണം നടത്തൽ എന്നിവ ചെയ്യുന്നു | | |
| 4 | മാഗസിൻ നിർമ്മാണം | നിർമ്മാണ പ്രവർത്തനം ഗണിത ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ കുട്ടികളിൽ നിന്നുള്ള ഗണിതപരമായ സൃഷ്ടികൾ ഉപയോഗിച്ചുള്ള മാഗസിൻ നിർമ്മാണം | | |
| 5 | അറിവ് നിർമ്മാണം | പ്രതിവാര പ്രശ്നോത്തരി | | |

# സയൻസ്

| ക്രമ ന | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|---|
| 1 | ശാസ്ത്രം പ്രവർത്തനമാണ് എന്ന് മനസ്സിലാക്കുക | എല്ലാ സൗകര്യങ്ങളോടും കൂടിയ ലാബ് സെറ്റ് ചെയ്യുക | അക്കാദമിക കാലഘട്ടം | പിടിഎ ടീച്ചേഴ്സ് |
| 2 | ദിനാചരണങ്ങൾ വിവിധശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെയുള്ള സയൻസുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ സെമിനാർ, കാർട്ടൂൺ, ചിത്രരചന കൊളാഷ് എന്നിവ സംഘടിപ്പിക്കുന്നു | പ്രസ്തുത ദിവസങ്ങൾ | കുട്ടികൾ, സയൻസ് അധ്യാപകർ |
| 3 | ശാസ്ത്രത്തോടുള്ള അഭിരുചി | ശാസ്ത്ര നാടകം അവതരിപ്പിക്കുന്നു | വർഷത്തിലൊരിക്കൽ | കുട്ടികൾ, ടീച്ചേഴ്സ് |

| | | | | |
|---|---|---|---|---|
| | വർദ്ധിപ്പിക്കുന്നതിന് | | | |
| 4 | ശാസ്ത്ര മാഗസിൻ | കുട്ടികളുടെ സൃഷ്ടികൾ | അക്കാദമിക കാലഘട്ടം | കുട്ടികൾ |
| 5 | ഫീൽഡ് ട്രിപ്പ് അനുഭവജ്ഞാന വർദ്ധിപ്പിക്കാൻ | ശാസ്ത്രവുമായി ബന്ധപ്പെട്ട സ്ഥലങ്ങളിലേക്ക് പഠനയാത്ര ചെയ്യുക | വർഷത്തിൽ ഒരിക്കൽ | കുട്ടികൾ, സയൻസ് അധ്യാപകർ |
| 6 | ഹെർബേറിയം | ഹെർബേറിയം നിർമ്മാണം | അക്കാദമിക കാലഘട്ടം | കുട്ടികൾ, സയൻസ് അധ്യാപകർ |
| 7 | സയൻസ് കോർണർ | ബുള്ളറ്റിൻ ബോർഡിൽ പൊതുവിജ്ഞാനം, ശാസ്ത്രം ഇവയുമായി ബന്ധപ്പെട്ട കാര്യങ്ങൾ പ്രദർശിപ്പിക്കുന്നു. | അക്കാദമിക കാലഘട്ടം | കുട്ടികൾ, സയൻസ് അധ്യാപകർ |
| 8 | അത്ഭുത കണ്ണിലൂടെ കൗതുകം വിജ്ഞാസ നിരീക്ഷണപാടവം എന്നിവ പരിപോഷിപ്പിക്കൽ | ലഘുപരീക്ഷണങ്ങൾ സഹപാഠികൾക്ക് മുന്നിൽ കുട്ടികൾ തന്നെ കാണിച്ചുകൊടുക്കാൻ അവസരം നൽകുന്നു<br>പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട മോഡലുകൾ നിർമ്മിക്കാൻ കുട്ടികൾക്ക് അവസരം നൽകുന്നു<br>ക്ലാസുകളിൽ ലഘു പ്രോജക്ട് കൊടുത്ത് മെച്ചപ്പെട്ടത് സ്കൂളിൽ പൊതുവേദിയിൽ അവതരിപ്പിക്കുന്നു | അക്കാദമിക കാലഘട്ടം | കുട്ടികൾ, സയൻസ് അധ്യാപകർ |
| 9 | ശാസ്ത്രലോകത്തേക്ക് നിരന്തരമായി അന്വേഷണം നടത്തുകയും ലഭിച്ച വിവരങ്ങൾ വിശകലനം ചെയ്യാനുള്ള ശേഷി നേടുകയും ചെയ്യുന്നു | സെമിനാർ പേപ്പറുകൾ അവതരിപ്പിക്കൽ കുട്ടികൾ ഉണ്ടാക്കിയ വസ്തുക്കളുടെ പ്രദർശനം ശാസ്ത്ര ക്വിസ് മത്സരം നടത്തൽ സയൻസ് ലാബ് ആധുനികവൽക്കരിക്കൽ | അക്കാദമിക കാലഘട്ടം | കുട്ടികൾ, സയൻസ് അധ്യാപകർ |
| 10 | വൈജ്ഞാനിക ബഹുസ്വരണം അന്വേഷണാത്മകൃഷ്ണ വർദ്ധിപ്പിക്കൽ അറിവ് നേടൽ | ശാസ്ത്രമേളകളിൽ ക്വിസ് സെമിനാർ പരീക്ഷണങ്ങൾ മോഡലുകൾ എന്നിവ അവതരിപ്പിക്കൽ ശാസ്ത്രകാരന്മാരുമായി സംവദിക്കൽ | അക്കാദമിക കാലഘട്ടം | കുട്ടികൾ, സയൻസ് അധ്യാപകർ |